LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സുരക്ഷിതമായ കുടിവെള്ളം എല്ലാകാലത്തും സംസ്ഥാനത്തുടനീളം ഗുണമേന്മ ഉറപ്പാക്കിയും മിതമായ നിരക്കിലും ലഭ്യമാക്കുന്നതിനുവേണ്ടി ഇടുക്കി ജില്ലയിലെ മലങ്കര ഡാമിനോട് ചേർന്ന സ്ഥലത്ത് കുപ്പിവെള്ള നിർമ്മാണ യൂണിറ്റ് ആരംഭിക്കുവാൻ കെ.ഐ.ഐ.ഡി.സി.-ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചു. ഇതുപ്രകാരം കെ.ഐ.ഐ.ഡി.സി. തൊടുപുഴയിലെ പ്രാഥമിക് ഷിഫ്റ്റിൽ ഒരു ലിറ്ററിന്റെ 60,000 കുപ്പികൾ ഉത്പാദിപ്പിക്കാൻ ശേഷിയുള്ള ഒരു ഫാക്ടറി നിർമ്മിക്കുകയും അതിൽനിന്നും 2015 ആഗസ്റ്റ് 24-ാം തീയതി മുതൽ പൊതുജനങ്ങൾക്ക് ഒരു ലിറ്ററിന്റെ ഒരു കുപ്പിക്ക് 15 രൂപ നിരക്കിൽ കുടിവെള്ളം ലഭ്യമാക്കി വരുകയാണ്. കേരള വാട്ടർ അതോറിറ്റി ആരുവിക്കരയിൽ ഒരു കുപ്പിവെള്ള പ്ലാന്റിന്റെ പണികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) മിതമായ നിരക്കിലുള്ള കുപ്പിവെള്ളത്തിന്റെ ലഭ്യത സംസ്ഥാനത്തെ മറ്റ് സ്ഥലങ്ങളിലും വ്യാപകമായി എത്തിക്കുന്നതിനായി കോഴിക്കോട് ജില്ലയിലെ പേരാമ്പ്രയിൽ കുറ്റ്യാടി ജലസേചന പദ്ധതിയുടെ സ്ഥലത്ത് പുതിയൊരു ഫാക്ടറി തുടങ്ങുന്നതിനായി വേണ്ട സ്ഥലം അനുവദിച്ചിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾക്കുള്ള പ്രാരംഭ നടപടികൾ നടന്നുവരുന്നു.

ജലനിധി ഒന്നാംഘട്ടം പൂർത്തിയാക്കാൻ കർമ്മ പദ്ധതി

191(892) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലനിധി ഒന്നാംഘട്ടം പദ്ധതികൾ പൂർത്തിയാക്കാൻ കർമ്മ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ജലനിധി ഒന്നാംഘട്ടം നടപ്പിലാക്കിയത് 2001-2008 കാലയളവിലാണ്. ഒന്നാം ഘട്ടത്തിൽ ഏറ്റെടുത്ത പദ്ധതികളെല്ലാം പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ഗ്രാമീണ മേഖലയിൽ കുടിവെള്ള വിതരണത്തിനും ശുചിത്വ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമായി സർക്കാർ നടത്തുന്ന നിക്ഷേപങ്ങൾക്ക് സുസ്ഥിരത ഉറപ്പുവരുത്തുന്നതിനാണ് ജലനിധി ആത്യന്തികമായി ലക്ഷ്യമിടുന്നത്. കേന്ദ്രീകൃത ജലവിതരണ സംവിധാനങ്ങൾക്ക് പകരം, വികേന്ദ്രീകൃത ജലവിതരണ സംവിധാനങ്ങൾക്കാണ് ഊന്നൽ നൽകുന്നത്. ജലവിതരണ ശുചിത്വ മേഖലയിലെ സംവിധാനങ്ങളുടെ പ്രവർത്തന കാര്യക്ഷമത വർദ്ധിപ്പിക്കുന്നതും പദ്ധതിയുടെ ലക്ഷ്യമാണ്.

(സി) ഒന്നാംഘട്ടത്തിൽ ഏറ്റെടുത്ത പദ്ധതികളെല്ലാം പൂർത്തീകരിച്ചിട്ടുണ്ട്.

ഗ്രാമീണ ശുദ്ധജല വിതരണത്തിന് പദ്ധതി

192(893) ശ്രീ. ജോസഫ് വാഴക്കൻ :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ത്വരിത ഗ്രാമീണ ശുദ്ധജല വിതരണത്തിന് എന്തെല്ലാം കർമ്മ പദ്ധതി നടപ്പാക്കിയിട്ടുണ്ട്;

(ബി) എന്തൊക്കെയാണ് ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ജനങ്ങൾക്ക് സുരക്ഷിതമായ കുടിവെള്ളമെത്തിക്കാൻ ആവിഷ്കരിച്ച പദ്ധതിയാണ് രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി. പദ്ധതിയുടെ മാർഗ്ഗനിർദ്ദേശ പ്രകാരം 67% കവറേജിനും 15% ഒ&എം-നും 10% സസ്റ്റൈനബിലിറ്റിക്കും 5% സപ്പോർട്ട് ആക്ടിവിറ്റീസിനും 3% വാട്ടർ ക്വാളിറ്റി മോണിട്ടറിംഗ് ആന്റ് സർവൈലൻസിനുമായിട്ടാണ് തുക അനുവദിക്കുന്നത്. ഗ്രാമീണ മേഖലയിലെ ജനങ്ങളിൽ ഒരാൾക്ക് പ്രതിദിനം 70 ലിറ്റർ കുടിവെള്ളം ലഭ്യമാക്കുന്ന രീതിയിലാണ് പദ്ധതികൾ ആവിഷ്കരിക്കുന്നത്. വെള്ളത്തിന്റെ ഗുണനിലവാരം കുറഞ്ഞ സ്ഥലങ്ങളിൽ പദ്ധതികൾക്ക് മുൻഗണന നൽകാറുണ്ട്. സസ്റ്റൈനബിലിറ്റി

LIBRARY ARCHIVES Kerala Legislative Assembly